(ബി) എങ്കിൽ ഇതൊഴിവാക്കാൻ സംസ്ഥാനത്ത് സാധ്യതയുള്ളിടത്തെല്ലാം ചെറുകിട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി ഏതെങ്കിലും നിർദ്ദേശങ്ങളോ പദ്ധതികളോ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഇ) വൻകിട വൈദ്യുത പദ്ധതികൾ ഒഴിവാക്കുകയും ചെറുകിട പദ്ധതികൾ കൂടുതൽ ആരംഭിക്കുകയും ചെയ്യുന്നത് കേന്ദ്ര സർക്കാരിന്റെ അനുവാദം നേടിയെടുക്കുന്നതിന് സഹായകരമായിരിക്കുമെന്നുള്ളതിനാൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിച്ചുവരുന്നു

(സി) ഉണ്ട്.

(ഡി) ഏകദേശം 615 മെഗാവാട്ട് മൊത്തം സ്ഥാപിതശേഷി വരുന്ന 132 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 4 പദ്ധതികൾ - ഉറുമി സ്റ്റേറ്റ് -I (3.75 മെഗാവാട്ട്), ഉറുമി സ്റ്റേജ് -II (2.4 മെ.വാ) ചെമ്പുകടവ് സ്റ്റേജ് -II (2.7 മെ.വാ)., ചെമ്പുകടവ് സ്റ്റേറ്റ് -II (3.75 മെ.വാ.)- ചൈനയുടെ സാങ്കേതിക സഹായത്തോടെ പൈലറ്റ് പദ്ധതികളായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മറ്റു 14 പദ്ധതികൾ ചൈനയുടെ സഹായത്തോടെതന്നെ 2002-ാം ആണ്ടോടുകൂടി പൂർത്തിയാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

വിവിധ പദ്ധതികളുടെ സർവ്വേയും അന്വേഷണവും ഊർജ്ജിതമായി നടന്നുവരുന്നു. അന്വേഷണം പൂർത്തിയായ അനുയോജ്യമായ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലികളും നടന്നുവരുന്നു.

(ഇ) വനഭൂമിയും കുടിയൊഴിപ്പിക്കലും ആവശ്യമില്ലാത്ത ചെറുകിട ജലവൈദ്യുതപദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്. ലാഭകരമായ എല്ലാ ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

49 (1890) വൈദ്യുതി ഡിവിഷനുകളുടെ അധികാര പരിധി

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഡിവിഷനുകളുടെ അധികാരപരിധി ഒന്നിലേറെ റവന്യൂ ജില്ലകളിൽ വരുന്നതുമൂലമുള്ള ഭരണബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു ഡിവിഷന്റെ പരിധി ഒരു റവന്യൂ ജില്ലയിൽ മാത്രമായി നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഒരു ഗ്രാമപഞ്ചായത്ത് പ്രദേശം ഒന്നിലേറെ സെക്ഷനുകളുടെ കീഴിൽ പല ഡിവിഷനുകളുടേയും നിയന്ത്രണത്തിൽ വരുന്നതുമൂലം ഉള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രദേശം മുഴുവൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റായി കണക്കാക്കി ഒരു ഗ്രാമപഞ്ചായത്ത് പ്രദേശം മുഴുവൻ ഒരു സെക്ഷന് കീഴിലാക്കിയിട്ടുള്ള ഒരു പുനഃസംഘടനക്ക് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ ജില്ലകളടിസ്ഥാനമാക്കിയല്ല വൈദ്യുതി ഡിവിഷനുകൾ രൂപീകരിക്കുന്നത്. വൈദ്യുതി ഡിവിഷനുകൾ രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കുന്നത് അതിന്റെ കീഴിൽ വരുന്ന വിവിധ സെക്ഷനുകളുടെ പരിധിയാണ്. ഇങ്ങനെ വരുമ്പോൾ ഒരു ഡിവിഷൻ വിവിധ റവന്യൂ ജില്ലകളിലായി വരാം. നിലവിലുള്ള സംവിധാനത്തിൽ ഭരണപരമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നില്ല.

(ബി) ഒരു സെക്ഷൻ രൂപീകരിക്കുന്നതിന് മാനദണ്ഡമാക്കുന്നത് ഉപഭോക്താക്കളുടെ എണ്ണം, വിതരണ ലൈനിന്റെ ദൈർഘ്യം, സ്ഥലത്തിന്റെ പ്രത്യേകത തുടങ്ങിയ കാര്യങ്ങളാണ്. ഇത് അടിസ്ഥാനമാക്കി സെക്ഷൻ രൂപീകരിക്കുമ്പോൾ ഒരു ഗ്രാമപ്രദേശം മുഴുവനും ഒരു സെക്ഷനുകീഴിൽ കൊണ്ടുവരുന്നതിന് പ്രായോഗികമായി കഴിയുകയില്ല.

50 (1892) വിദ്യുച്ഛക്തി വികസനത്തിന് വകകൊള്ളിച്ചിട്ടുള്ള തുക

ശ്രീ. പി.ജെ. ജോയി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും വാർഷിക പദ്ധതിയിൽ വിദ്യുച്ഛക്തി വികസനത്തിന് എന്തുതുക വീതം വകകൊള്ളിച്ചിരുന്നു;

(ബി) അതിൽനിന്നും ഓരോ വർഷവും എന്ത് തുക ചെലവഴിച്ചു;

(സി) 1998-99 ലെ വാർഷിക പദ്ധതിയിൽ വിദ്യുച്ഛക്തി വികസനത്തെ സംബന്ധിക്കുന്ന ഫിസിക്കൽ ടാർജറ്റ് എത്രയായിരുന്നു;

(ഡി) അതിൽ എത്രമാത്രം നേടുവാൻ കഴിഞ്ഞു?

ഉത്തരം

(എ)&(ബി) വിദ്യുച്ഛക്തി വികസനത്തിനായി ബോർഡിനു സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രവർത്തനാനുമതി നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1996-97	-	545.30 കോടി രൂപ
1997-98	-	615 കോടി രൂപ
1998-99	-	635 കോടി രൂപ
1999-2000	-	635 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly